പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6775 | 10.07.2014- ൽ മറുപടിക്ക് |

## ഭക്ഷ്യമേഖലകളിലെ തൊഴിലാളികൾക്കും സംരംഭകർക്കും പരിശീലന ക്ലാസ്സുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വർക്കല കഹാർ<br>" ആർ. സെൽവരാജ്<br>" പി. എ. മാധവൻ<br>" ഹൈബി ഈഡൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷ്യമേഖലകളിലെ തൊഴിലാളികൾക്കും സംരംഭകർക്കും പരിശീലന ക്ലാസ്സുകൾക്കായി ഭക്ഷ്യസുരക്ഷാ വകുപ്പ് പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ഭക്ഷ്യമേഖലകളിലെ തൊഴിലാളികൾക്കും സംരംഭകർക്കുമായി ഭക്ഷ്യസുരക്ഷാ വകുപ്പ് വിപുലമായ പരിശീലനം ഇതിനകം തന്നെ നൽകിയിട്ടുണ്ട്. കൂടാതെ പുതിയതായി ഉണ്ടാകുന്ന പ്രശ്നങ്ങളെ സംബന്ധിച്ചും പരിശീലന പദ്ധതികൾ സംഘടിപ്പിക്കാറുണ്ട്. വ്യാപാരമേഖലയിലെ വിവിധ സംഘടനകൾ സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളിലും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പങ്കെടുത്ത് പരിശീലനം നൽകാറുണ്ട്. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | 2006 ലെ ഭക്ഷ്യസുരക്ഷാ നിയമത്തെക്കുറിച്ചും അനുബന്ധ ചട്ടങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുകയെന്നുള്ളതാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. നിയമങ്ങളെക്കുറിച്ച് വ്യക്തമായ അവബോധം സൃഷ്ടിക്കുക വഴി ആയത് പാലിക്കുവാനുള്ള പ്രേരണ ലഭിക്കുകയും ആയത് വഴി മായം ചേർക്കാത്തതും ഗുണനിലവാരം ഉറപ്പുവരുത്തുന്നതുമായ ഭക്ഷണം പൊതുജനങ്ങൾക്ക് ഉറപ്പാക്കുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. |
| സി) | ആരെല്ലാമാണ് പദ്ധതിയുടെ പ്രവർത്തനവുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | സി) | ഹോട്ടലുകൾ, ബേക്കറികൾ, ക്യാന്റീനുകൾ, തട്ടുകടകൾ മറ്റ് ഭക്ഷണവ്യാപാരവിതരണ കേന്ദ്രങ്ങളുൾപ്പെടെ എല്ലാ ഭക്ഷ്യഉൽപാദന വിതരണവില്പന കേന്ദ്രങ്ങളും ആയതുമായി ബന്ധപ്പെട്ട വിവിധ സംഘടനകളും പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. കൂടാതെ ഇത് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതടക്കമുള്ള നടപടി പരിശോധിച്ച് വരികയാണ് |
| ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | ഡി) | സംസ്ഥാന വ്യാപകമായി ഭക്ഷ്യസുരക്ഷാ വകുപ്പും വിവിധ സംഘടനകളുമായി ചേർന്നും 3500 ഓളം പരിശീലന പരിപാടികൾ ഇതിനകം സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ പൊതുജനങ്ങളുടെ അവബോധനത്തിനായി ദൂരദർശനിൽ പ്രക്ഷേപണം ചെയ്യുന്നതിനായി ഒരു ലഘുചിത്രം തയ്യാറാക്കിയിട്ടുണ്ട് വിദ്യാർത്ഥികൾക്കിടയിൽ അവബോധനം സൃഷ്ടിക്കുകയെന്ന ഉദ്ദേശത്തോടുകൂടി ഒരു ഡോക്യുമെന്ററി നിർമ്മിച്ചുവരികയുമാണ്. |

സെക്ഷൻ ഓഫീസർ